LIBRARY ARCHIVES Kerala Legislative Assembly

(3) തണ്ണത്ര പാലം പുനർ നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: സർ, പെരിമ്പിലാവ്-നിലമ്പൂർ സ്റ്റേറ്റ് ഹൈവേയിൽ വടക്കാഞ്ചേരി-തൃത്താല നിയോജകമണ്ഡലങ്ങളെയും തൃശ്ശൂർ-പാലക്കാട് ജില്ലകളെയും ബന്ധിപ്പിക്കുന്നതാണ് തണ്ണത്ര പാലം. ഏറെ ഇടുങ്ങിയ ഒരു പാലമാണ്, അത് ഏറെ ദുർബ്ബലാവസ്ഥയിലുമാണ്. കൈവരികളെല്ലാം തകർന്ന് നിരന്തരമായി അപകടമുണ്ടാകുന്നു, മരണം ഉൾപ്പെടെ ഉണ്ടായിരിക്കുന്നു. കഴിഞ്ഞ സ്റ്റിമുലസ് പാക്കേജിൽ രണ്ടര കോടി രൂപ ഈ ആവശ്യത്തിനുവേണ്ടി അനുവദിച്ചിരുന്നു. അതിന് എ.എസ്. ആയിട്ടുള്ളതാണ്. പക്ഷേ ഈ പ്രവൃത്തിയുടെ ടെൻഡർപോലും ചെയ്യാറായിട്ടില്ല. അതിന്റെ ഡിസൈനിംഗിനും മറ്റും ഉണ്ടാകുന്ന കാലതാമസത്തെക്കുറിച്ചാണ് എഞ്ചിനീയർമാർ നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്നത്. രണ്ടു ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന, ഏറ്റവും പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേയിലുള്ള, വളരെ ചുരുങ്ങിയ സമയംകൊണ്ട് ചെയ്തു തീർക്കാൻ കഴിയുന്ന ചെറിയ ഒരു വർക്കാണിത്. അടിയന്തരമായി ഈ പ്രവൃത്തി നടത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, 14-8-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം പെരിമ്പിലാവ്-നിലമ്പൂർ റോഡിൽ തൃശ്ശൂർ-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന തണ്ണത്ര പാലം നിർമ്മിക്കുന്നതിന് 250 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. അതനുസരിച്ച് പാലത്തിന്റെ പ്രാരംഭ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഞങ്ങളൊക്കെ നേരിട്ട് മോണിറ്റർ ചെയ്തിട്ടുള്ള കാര്യമായതുകൊണ്ടാണ് പറയുന്നത്. 2011 ജനുവരി ആദ്യവാരത്തിൽ ഡിസൈൻ തയ്യാറാക്കി സമർപ്പിക്കാമെന്ന് അവർ ഉറപ്പ് നൽകിയിട്ടുണ്ട്. രണ്ടുവരി ഗതാഗതത്തിന് ഉതകുന്ന തരത്തിലാണ് ഇപ്പോൾ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. ഡിസൈൻ ജനുവരിയിൽ തയ്യാറായിക്കഴിഞ്ഞാൽ അതിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കും.

(4) മകരവിളക്കിന് പൊതുഅവധി നൽകാൻ നടപടി

ശ്രീ. രാജു എബ്രഹാം : സർ, ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് ശബരിമല. കോടിക്കണക്കിന് തീർത്ഥാടകർ എത്തുന്ന ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കണം എന്നുള്ള പ്രധാനപ്പെട്ട ആവശ്യം നിലനിൽക്കുകയാണ്. ആ ആവശ്യം കേന്ദ്ര ഗവൺമെന്റ് പരിഗണിക്കണം. അതോടൊപ്പംതന്നെ മകരവിളക്ക് ദിവസം പൊതു ഒഴിവ് പ്രഖ്യാപിക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, മകരവിളക്ക് പ്രമാണിച്ച് പൊതുഅവധി പ്രഖ്യാപിക്കണമെന്നതാണ് ബഹുമാനപ്പെട്ട മാജു എബ്രഹാമിന്റെ ആവശ്യം. ഈ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. മകരവിളക്കിന്റെ പ്രാധാന്യവും ഭക്തജനങ്ങളുടെ താൽപ്പര്യവും കണക്കിലെടുത്ത് അന്നേദിവസം പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലും ചെങ്ങന്നൂർ താലൂക്കിലും പൊതുഅവധി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(5) ആദിവാസി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. റ്റി. യു. കുരുവിള: സർ, കുട്ടമ്പുഴ പഞ്ചായത്തിലെ 500-ഓളം ആദിവാസികൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്തെ ദുരിതം പരിഹരിക്കുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. . ഒന്ന് കുടിവെള്ളപ്രശ്നമാണ്. ലക്ഷങ്ങൾ മുടക്കി മോട്ടോർ പുര, ടാങ്ക്, കുളം ഇവ തീർത്തിട്ട് ഇതുവരെയായിട്ടും ഉപയോഗശൂന്യമായി കിടക്കുകയാണ്. അതുപോലെ സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ഹോസ്റ്റൽ പണി തീർത്തിട്ട് മൂന്നു വർഷമായി. അത് ഉപയോഗശൂന്യമായി കാടുപിടിച്ച് കിടക്കുകയാണ്. അവിടെ ഒരു ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. അത് ഇടിഞ്ഞു പൊളിഞ്ഞിരിക്കുകയാണ്. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടു

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ പഞ്ചായത്തിൽ വിളുവൂർകുടി ആദിവാസി കോളനിയിലെ കുടിവെള്ള പദ്ധതി ഉപയോഗയോഗ്യമാക്കുക, ആൺകുട്ടികളുടെ ഹോസ്റ്റലിലെ ശോചനീയാവസ്ഥ പരിഹരിക്കുക, ആയുർവേദ ഡിസ്പെൻസറി കെട്ടിടം പുനർനിർമ്മിക്കുക തുടങ്ങിയവയാണ് സബ്മിഷനിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ. 2001-2002ൽ എ.ആർ.ഡബ്ല്യു.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കുടിവെള്ള പദ്ധതി കോളനിയിൽ നടപ്പിലാക്കിയിരുന്നു. അതിന്റെ നടത്തിപ്പ് പഞ്ചായത്ത് അംഗം ഉൾപ്പെടുന്ന ഗുണഭോക്തൃ കമ്മിറ്റിയെയാണ് ഏൽപ്പിച്ചിരുന്നത്. വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ വീഴ്ച വരുത്തിയതിനെത്തുടർന്ന് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന സ്ഥിതിയുണ്ടായി. ഇതുമൂലം പദ്ധതിയുടെ പ്രവർത്തനം മുടങ്ങിപ്പോയി. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'ഗുണഭോക്തൃ സമിതികൾ നടത്തിവരുന്ന കുടിവെള്ള പദ്ധതികളുടെ ഉയർന്ന താരിഫ് നിരക്ക് 3 രൂപ 25 പൈസ ഉണ്ടായിരുന്നത് 1 രൂപ 15 പൈസയിലേയ്ക്ക് താഴ്ത്തി. എങ്കിലും ഗുണഭോക്തൃ സമിതി വൈദ്യുതി കുടിശ്ശിക അടയ്ക്കാത്തതിനെത്തുടർന്ന് പദ്ധതി പ്രവർത്തനരഹിതമായി തുടരുകയാണ്. ത്രിതല പഞ്ചായത്തുകൾക്ക് ഈ പദ്ധതി ഏൽപ്പിച്ചു കൊടുക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യുന്നപക്ഷം മെയിന്റനൻസ്

LIBRARY ARCHIVES Kerala Legislative Assembly